## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 126 28.10.2019- ൽ മറുപടിയ്ക്ക്

### പ്രവാസികൾക്കുള്ള വിവിധ സഹായങ്ങൾ

<table>
<tr><th colspan="2"><u>ചോദ്യം</u><br>ശ്രീ.കെ.സി.ജോസഫ്</th><th colspan="2"><u>മറുപടി</u><br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി)</th></tr>
<tr><td>എ)</td><td>2019-20 ലെ ബജറ്റിൽ പ്രഖ്യാപിച്ച എൻ.ആർ.കെ. വെൽഫയർ ഫണ്ടിനുള്ള 9 കോടി രൂപ, പ്രവാസി പുനരധിവാസ പദ്ധതിക്കുള്ള 15 കോടി രൂപ എന്നിവയിൽ നിന്ന് ഇതിനോടകം എത്ര കോടി രൂപ റിലീസ് ചെയ്തുവെന്നും ഇതിൽ എത്ര കോടി രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ;</td><td>എ)</td><td>2019-20-ലെ ബജറ്റിൽ കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിന് അനുവദിച്ച 9 കോടി രൂപയിൽ നിന്നും 6 കോടി രൂപ റിലീസ് ചെയ്തു നൽകിയിരുന്നു. ഇതിൽ 3 കോടി രൂപ ക്ഷേമ പദ്ധതിയ്ക്കായി വിനിയോഗിച്ചു കഴിഞ്ഞു. നോർക്ക റൂട്ട്സ് വഴി നടപ്പിലാക്കുന്ന പ്രവാസി പുനരധിവാസ പദ്ധതിക്ക് 2019-20 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള 15 കോടി രൂപയിൽ നിന്ന് 7.50 കോടി രൂപ അനുവദിക്കുകയും, ഇതുവരെ ആകെ 4,95,44,805/- (ആകെ നാല് കോടി തൊണ്ണൂറ്റി അഞ്ച് ലക്ഷത്തി നാൽപ്പത്തി നാലായിരത്തി എണ്ണൂറ്റി അഞ്ച് രൂപ മാത്രം) രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.</td></tr>
<tr><td>ബി)</td><td>പ്രവാസി ക്ഷേമനിധിയിൽ ഇപ്പോൾ എത്ര അംഗങ്ങൾ ഉണ്ടെന്നും, ഇപ്പോൾ എത്രപേർക്ക് പെൻഷൻ നൽകുന്നുണ്ടെന്നും, ഇതിലേക്കായി ഇതിനോടകം എത്ര കോടി രൂപ ചെലവഴിച്ചുവെന്നും വിശദമാക്കാമോ;</td><td>ബി)</td><td>കേരള പ്രവാസി കേരളീയ ക്ഷേമ പദ്ധതിയിൽ നാളിതു വരെ 4,30,445 പേർ അംഗങ്ങളായി ചേർന്നിട്ടുണ്ട്. 12,758 പേർക്ക് പെൻഷൻ, കുടുംബപെൻഷൻ, അവശതാ പെൻഷൻ എന്നീ ഇനങ്ങളിലായി ആകെ 58,75,91,447/- രൂപ ചെലവഴിച്ചിട്ടുണ്ട്.</td></tr>
<tr><td>സി)</td><td>ക്ഷേമ ബോർഡ് നൽകി വരുന്ന മരണാനന്തര സഹായം, ചികിത്സാ ധനസഹായം, പ്രസവാനുകൂല്യം തുടങ്ങിയ പദ്ധതികളിൽ 2016 മേയ് ഒന്നിനു ശേഷം ഓരോ വിഭാഗത്തിലും എത്രകോടി രൂപ ചെലവഴിച്ചുവെന്ന് അറിയിക്കാമോ?</td><td>സി)</td><td>2016 മേയ് ഒന്നിനുശേഷം അനുവദിച്ച ആനുകൂല്യങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><th>ക്രമ നം.</th><th>ആനുകൂല്യത്തിന്റെ പേര്</th><th>അനുവദിച്ച തുക (രൂപയിൽ)</th></tr>
<tr><td>1</td><td>മരണാനന്തര ധനസഹായം</td><td>1,94,14,763/-</td></tr>
<tr><td>2</td><td>ചികിത്സാ ധനസഹായം</td><td>1,52,36,405/-</td></tr>
<tr><td>3</td><td>പ്രസവാനുകൂല്യം</td><td>45,000/-</td></tr>
</table></td></tr>
</table>

**സെക്ഷൻ ഓഫീസർ**